തലസ്ഥാന നഗരത്തിലെ സർക്കാർ എയ്ഡഡ് സ്കൂളുകളിലെ പ്ലസ് ടൂ പ്രവേശനം

122 (1432) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അദ്ധ്യയനവർഷത്തിൽ തിരുവനന്തപുരം നഗരത്തിലെ പട്ടം സെന്റ് മേരീസ്, പട്ടം ഗേൾസ്, കോട്ടൺ ഹിൽ എന്നീ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്ലസ് ടൂ ഒന്നാം വർഷ പഠനത്തിനായി എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ എത്ര അപേക്ഷകർക്ക് ഓരോ കോഴ്സിലും പ്രവേശനം ലഭിച്ചു ?

(സി) മെരിറ്റ് ലിസ്റ്റിൽ ഓരോ കോഴ്സിലേക്കും പ്രവേശനം നേടിയ അവസാനത്തെ കുട്ടികളുടെ മാർക്ക് എത്രയെന്ന് അറിയിക്കുമോ ;

(ഡി) ഈ അദ്ധ്യയന വർഷം പ്ലസ് ടൂ ഒന്നാം വർഷ കോഴ്സിന് ഈ സ്കൂളുകളിൽ എത്ര അപേക്ഷകൾ ജൂൺ 18 വരെ ലഭിച്ചുവെന്ന് അറിയിക്കുമോ ;

(ഇ) പേരൂർക്കട ഗവൺമെന്റ് ഹൈസ്കൂൾ വട്ടിയൂർക്കാവ് ഗവൺമെന്റ് സ്കൂൾ, കാച്ചാണി ഗവൺമെന്റ് സ്കൂൾ എന്നീ സ്കൂളുകളിൽ പ്ലസ്ടൂ കോഴ്സുകൾ അനുവദിക്കുന്നതിന് ഉത്തരവ് നൽകുമോ ;

(എഫ്) തലസ്ഥാന നഗരത്തിലെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ കൂടുതൽ പ്ലസ്ടൂ ബാച്ചുകൾ അനുവദിക്കുമോ ?

ഉത്തരം

(എ)

പട്ടം സെന്റ് മേരീസ്	–	3620
പട്ടം ഗേൾസ്	–	1865
കോട്ടൺ ഹിൽ	–	2000

(ബി)

	പട്ടം സെന്റ് മേരീസ്	പട്ടം ഗേൾസ്	കോട്ടൺ ഹിൽ
സയൻസ് (ബയോളജി)	250	112	180
സയൻസ് (കമ്പ്യൂട്ടർ)	150	120	101
സയൻസ്(ഹോം സയൻസ്)	—	—	51
ഹ്യുമാനിറ്റീസ്, കമ്മ്യൂണിക്കേറ്റീവ്	100	—	—
ഇംഗ്ലീഷ്	–	–	–
ഹിസ്റ്ററി	50	50	103
കോമേഴ്സ്	100	101	120
കമ്പ്യൂട്ടർ കോമേഴ്സ് (മാത്തസ്)	50	—	—

LIBRARY ARCHIVES Kerala Legislative Assembly

(സി)

	പട്ടം സെന്റ് മേരീസ്	പട്ടം ഗേൾസ് (ഇൻഡക്സ് മാർക്ക്)	കോട്ടൺ ഹിൽ
സയൻസ്	520	768	536 (B)
		695	458 (CS)
			336 (HS)
കോമേഴ്സ്	390	455	374
ഹ്യുമാനിറ്റീസ്	310	352	210

(ഡി) പട്ടം സെന്റ് മേരീസ് - 3350

പട്ടം ഗേൾസ് - 1699

കോട്ടൺ ഹിൽ - 2490

(ഇ&എഫ്) ഗവ. എയ്ഡഡ് മേഖലകളിൽ ഇനിയും ഹയർ സെക്കണ്ടറി സ്കൂളുകളോ ബാച്ചുകളോ അനുവദിക്കേണ്ടതില്ല എന്ന നയപരമായ തീരുമാനത്തിൽ ഇതേ വരെ മാറ്റം ഉണ്ടായിട്ടില്ല.

ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപക നിയമനത്തിനാവശ്യമായ യോഗ്യതകൾ

123 (1433) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലേയും എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലേയും അദ്ധ്യാപകരുടെ നിയമനം ഏത് രീതിയിലാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ ; ഏതെല്ലാം മേഖലയിലുള്ള അദ്ധ്യാപകർ പുനർ വിന്യാസം വഴിയും പ്രൊമോഷൻ വഴിയും പ്ലസ് ടു അദ്ധ്യാപകരായി നിയമനം നേടിയിട്ടുണ്ട് ;

(ബി) സർക്കാർ, എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂൾ അദ്ധ്യാപക നിയമനത്തിനാവശ്യമായ യോഗ്യതകൾ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്തുമോ ;

(സി) യോഗ്യതയിൽ ഏതെല്ലാം വിഭാഗകാർക്ക് ഇളവ് നൽകിയിട്ടുണ്ട് ; എന്തെല്ലാം ഇളവുകൾ എന്ന് വ്യക്തമാക്കുമോ ;

(ഡി) സെറ്റ് യോഗ്യത നിർബന്ധമല്ലാത്തത് ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന അദ്ധ്യാപകർക്കാണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly